# പതിമൂന്നാം കേരളനിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4765** | **23/07/2015-ൽ മറുപടിക്ക്**

## സ്മാർട്ട് സിറ്റി പ്രവർത്തന സജ്ജമാക്കാൻ നടപടി

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആദ്യത്തെ സ്മാർട്ട് സിറ്റിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ; എത്ര വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് കരാറിൽ വ്യവസ്ഥ ഉണ്ടായിരുന്നത് ; എത്രത്തോളം നിർമ്മാണമാണ് ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളത് ; നിർമ്മാണം പൂർത്തീകരിക്കുമ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് സ്മാർട്ട് സിറ്റിയിൽ ഉണ്ടാവുക മുതലായവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ; | (എ) | സ്മാർട്ട് സിറ്റിയുമായി സർക്കാർ അന്തിമ കരാറിൽ ഒപ്പിട്ടത് 13/05/2007-ൽ ആണ്. കരാർ പ്രകാരം ക്ലോസിംഗ് തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച. അടി. നിർമ്മാണ വിസ്തൃതിയോടു കൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ആയതിൽ 2013 ജൂലൈ മാസം തുടങ്ങിയ 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള 7 നില കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ് . ഈ കെട്ടിടത്തിന്റെ 40% ത്തോളം വർക്സ്പേസ് ഐ.ടി. കമ്പനികൾ തിരഞ്ഞെടുത്തിട്ടുണ്ട്. സ്മാർട്ട് സിറ്റി നിർമ്മാണം പൂർത്തീകരിക്കുമ്പോൾ കരാർ പ്രകാരം 70% സ്ഥലത്ത് ഐ.ടി./ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതുണ്ട്. കൂടാതെ ഇന്റർ നാഷണൽ സ്കൂൾ, ഹോസ്പിറ്റാലിറ്റി സർവ്വീസ്, ട്രെയിനിങ് സെന്റർ, ആശുപത്രി, മാൾസ്, പാർപ്പിട സമുച്ചയങ്ങൾ, ബാങ്കിങ് , ഫുഡ് കോർട്ടുകൾ, യൂട്ടിലിറ്റി ഏരിയ, കോമൺ ഏരിയ, കാർ പാർക്കിങ് എന്നീ സൗകര്യങ്ങളും സ്മാർട്ട് സിറ്റിയിൽ ഉണ്ടായിരിക്കുന്നതാണ് എന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനോടകം എത്ര കമ്പനികളാണ് ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കായി ഇവിടം തെരെഞ്ഞെടുത്തത് എന്നും എത്ര പേർക്ക് തൊഴിൽ ലഭ്യമായി എന്നും വിശദമാക്കുമോ ; | (ബി) | 12 കമ്പനികൾ. ഈ കമ്പനികൾ അവരുടെ fit out ജോലികൾ ഓഗസ്റ്റ് മാസത്തോടുകൂടി ആരംഭിക്കുന്നതാണ് എന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. |
| (സി) | മറ്റ് ഏതൊക്കെ വ്യവസായ സംരംഭങ്ങളാണ് ഇവിടെ ആരംഭിക്കാൻ സ്മാർട്ട് സിറ്റി കമ്പനിയുമായി ധാരണയിലെത്തിയിട്ടുള്ളത് എന്നും ഇവയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്നും വിശദമാക്കാമോ ? | (സി) | സ്മാർട്ട് സിറ്റി കമ്പനിയുമായി ധാരണയിലെത്തിയിട്ടുള്ള മറ്റ് സംരംഭങ്ങൾ ഇന്റർ നാഷണൽ സ്കൂൾ, ഹോസ്പിറ്റാലിറ്റി സർവ്വീസ്, ട്രെയിനിങ് സെന്റർ, ആശുപത്രി, മാൾസ്, പാർപ്പിട സമുച്ചയങ്ങൾ മുതലായവയാണ് എന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ